**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1099** **06-02-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ് കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുള്ള ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | **വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ സർക്കാർ, പൊതുമേഖലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടയ്ക്കാനുള്ള ആകെത്തുക 1188.24കോടി രൂപയാണ്.** |
| (ബി) | വാട്ടർ ചാർജ് അടയ്ക്കുന്നതിനായി ബജറ്റ് വിഹിതം അനുവദിച്ചിട്ടും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | **കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽ നിന്നും കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ച ജല വിഭവ വകുപ്പ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർക്ക് കത്തു നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം നടത്തി വരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചു വരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടക്കാത്ത കണക്ഷനുകൾ വിഛേദിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ